കോഴിക്കോട് അറിയിച്ചതനുസരിച്ച് ഇതിനായി വേണ്ടിവരുന്ന 87.6 ലക്ഷം രൂപ കരാറുകാരന് അധികമായി നൽകേണ്ടതുകൊണ്ട് സർക്കാരിന്റെ അനുമതിക്ക് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. അനുമതി ലഭിച്ച് പണി തുടങ്ങിയാൽ 18 മാസംകൊണ്ട് പൂർത്തിയാക്കാവുന്ന ഈ പദ്ധതി 2005 ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

കോഴിക്കോട് സ്വീവറേജ് പദ്ധതിക്കായി ട്രീറ്റ്മെന്റ് പ്ലാന്റിനായി 90 ഏക്കർ സ്ഥലം അക്വയർ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്തേക്ക് റോഡും നിർമ്മിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് 1973-ൽ ഭരണാനുമതി ലഭിച്ചെങ്കിലും പദ്ധതി നടപ്പിലാക്കാൻ 1980-ലാണ് എൻ.ഐ.സി.-യിൽ നിന്നും ധനസഹായം ലഭിച്ചത്. 1980-ൽ തന്നെ പ്രവൃത്തികൾ തുടങ്ങുകയും ചെയ്തു. ആകെ 120 കിലോമീറ്റർ നീളത്തിൽ 150 മി.മീ. മുതൽ 1000 മി.മീ. വരെ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കുവാനുള്ളതിൽ 17 കി. മീ. നീളത്തിൽ വിവിധ റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുകയും ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ടി 4 ഏക്കറോളം സ്ഥലം മണ്ണിട്ട് നികത്തി എടുക്കുകയും ചെയ്തിട്ടുണ്ട്. 1986-ൽ പദ്ധതിക്കുള്ള ധനസഹായം നിലച്ചു. പിന്നീട് 1992-ൽ ലോകബാങ്കിന്റെ സഹായത്തോടെ കേരള അർബൻ ഡെവലപ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്താൻ ശ്രമം നടത്തിയെങ്കിലും ലോകബാങ്ക് മേൽപ്പറഞ്ഞ പദ്ധതിക്ക് ധനസഹായം നൽകിയില്ല. കോഴിക്കോട് സ്വീവറേജ് സ്കീം പൂർത്തീകരിക്കുവാൻ ആവശ്യമായ ധനസഹായം ലഭിക്കാത്തതിനാൽ പദ്ധതിയിപ്പോൾ നിശ്ചലാവസ്ഥയിലാണ്. ഇതിന്റെ ബാക്കിയുള്ള പ്രവൃത്തികൾക്കായി ഏതാണ്ട് 140 കോടി രൂപ വേണ്ടിവരുമെന്ന് കരുതുന്നു. ഇതു പൂർണ്ണമായി നടപ്പിലാക്കുന്നതിനായി ഒരു പുതിയ സാങ്കേതിക രൂപരേഖ തയ്യാറാക്കേണ്ടതാണ്. പദ്ധതിയ്ക്കായി ധനസഹായവും ലഭ്യമാക്കേണ്ടതുണ്ട്. ആയതുകൊണ്ട് പദ്ധതിയുടെ ടാർജറ്റ് തീയതി നിശ്ചയിച്ചിട്ടില്ല.

സിൽവോ ഫിഷറീസ് പദ്ധതിയും കണ്ടൽവന സംരക്ഷണവും

5 (*437) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കണ്ടൽവനങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാർ പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(സി) സിൽവോ ഫിഷറീസ് പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) കണ്ടൽവനങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം പരിസ്ഥിതിക്ക് ഹാനി സംഭവിക്കാതെ തന്നെ മത്സ്യസമ്പത്തു സംരക്ഷിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിലുള്ള ഏജൻസിയായ ഫിർമ ഇക്കാര്യത്തെ കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

ജപ്പാൻ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയെപ്പറ്റിയുള്ള പഠനം

6 (*438) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ സഹായത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പഠനങ്ങൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) ഏതെല്ലാം പദ്ധതികളെ കുറിച്ച് ഏതെല്ലാം സ്ഥാപനങ്ങളാണിപ്പോൾ വിശദമായ പഠനം നടത്തിക്കൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പഠനങ്ങൾ പൂർത്തിയാകുമ്പോൾ പദ്ധതികളുടെ എസ്റ്റിമേറ്റ് തുക കൂടുവാനോ കുറയുവാനോ സാദ്ധ്യതയുള്ളതായി കരുതുന്നുണ്ടോ ;

(ഡി) വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതികളുടെ ഭാഗമായി പുതിയ ജലശുദ്ധീകരണശാലകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; നിലവിലുള്ള എല്ലാ ജലസംഭരണികളും ഇപ്പോൾ പൂർണ്ണമായും പ്രയോജനപ്പെടുന്നുണ്ടോ ;

(ഇ) നിർദ്ദിഷ്ട പദ്ധതികളുടെ സാധ്യത നിശ്ചയിക്കുന്നതിലും നിർമ്മാണത്തിലും നിർദ്ദിഷ്ട കൺസൾട്ടൻസി കമ്പനിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും വിശദമാക്കാമോ ;

(എഫ്) കൺസൾട്ടൻസിയുമായി കരാർ ഒപ്പുവച്ചിട്ടുണ്ടോ ; ജെബിഐസിയുടെ അംഗീകാരം ലഭിക്കുന്നതിനു മുമ്പേ എഗ്രിമെന്റ് ഒപ്പുവച്ചത് എന്തുകൊണ്ടാണ് ; എഗ്രിമെന്റിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ&ബി) ഇല്ല. ജെ.ബി.ഐ.സി.-യുടെ വായ്പാ അനുമതിക്കുവേണ്ടി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിരുന്ന ഫീസിബിലിറ്റി റിപ്പോർട്ടുകൾ കൺസൾട്ടന്റിന്റെ നിയമനം കഴിഞ്ഞശേഷം വിശദമായ പഠനം നടത്തി റിവ്യൂ ചെയ്ത് പ്രോജക്ട് റിപ്പോർട്ടുകൾക്ക് അവസാന രൂപം നൽകേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly